II ഇ.ബി. XV-കേരള നിയമസഭ/II-11

**പതിനഞ്ചാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 ആഗസ്റ്റ് 5, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

30 (*301&* 302) കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 104.24 കോടി രൂപയുടെ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്നു കണ്ടെത്തിയ ബാങ്ക് ഭരണസമിതിയെ പിരിച്ചുവിടുകയും ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ബാങ്കിനുണ്ടായ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും അനധികൃതമായി ലോൺ നേടിയവരുടെ വസ്തുക്കൾ

അറ്റാച്ച് ചെയ്ത് തുക ഈടാക്കാൻ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാങ്കിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളുൾപ്പെടെ അന്വേഷിക്കുന്നതിന് ഗവൺമെന്റുതലത്തിൽ നിയോഗിച്ച ഉന്നതതല സമിതിയുടെ അന്വേഷണത്തിനുപുറമെ ക്രിമിനൽ ഇൻവെസ്റ്റിഗേഷനും നടന്നുവരുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. നിക്ഷേപകരുടെ ആശങ്കയകറ്റുന്നതിന് പ്രത്യേക പാക്കേജ് രൂപീകരിക്കുകയും സഹകരണ ഓഡിറ്റിന് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. സഹകരണനിയമത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും സഹകരണ ബാങ്കുകളുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31(*303) <u>ലോട്ടറി മേഖലയുടെ പുനരുജ്ജീവനം</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ

മറുപടിയിൽ, കോവിഡ് - 19 വ്യാപനം ഭാഗ്യക്കുറി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെന്നും നിയന്ത്രണങ്ങൾമൂലം 237-ഓളം ഭാഗ്യക്കുറികൾ റദ്ദു ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ലോക്ഡൗൺ കാലയളവിലെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് അടിയന്തര ആശ്വാസ ധനസഹായവും അംഗങ്ങൾക്കും പെൻഷൻകാർക്കും ടിക്കറ്റ് വാങ്ങുന്നതിന് ഭാഗ്യക്കുപ്പണകളും തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിന് മാസ്ക്, സാനിറ്റൈസർ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയവർക്കും 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3,000/- രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്നവർക്ക് ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് 1,000/- രൂപ വീതവും നൽകാൻ നടപടി സ്വീകരിക്കുകയും സമ്മാനങ്ങളുടെ എണ്ണം, സമ്മാന വിഹിതം, ഏജൻസി പ്രൈസ്, ഏജൻസി ഡിസ്കൗണ്ട് സ്ലാബ്

എന്നിവയിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. ഭാഗ്യക്കുറി ടിക്കറ്റുകളുടെ സ്കീം ക്രിയേഷൻ മുതൽ സമ്മാന വിതരണംവരെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് Automated Software സംവിധാനം, വ്യാജ ലോട്ടറികൾ തടയുന്നതിന് Relief pattern, Opaque Text, Void Pandograph Micro Text തുടങ്ങിയ സെക്യൂരിറ്റി ഫീച്ചറുകൾ ഏർപ്പെടുത്തുകയും ടിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിന് 'ഭാഗ്യകേരളം' മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. ടിക്കറ്റ് വില്പനയിലെ അനാശാസ്യ പ്രവണതകൾ തടയുന്നതിന് Internal Vigilance വിഭാഗം രൂപീകരിക്കുകയും നറുക്കെടുപ്പ് പ്രക്രിയ സുതാര്യമാക്കുന്നതിന് നാലോളം ചാനലുകളിൽ തത്സമയ സംപ്രേക്ഷണം ആരംഭിക്കുകയും ഭാഗ്യക്കുറി വകുപ്പിലെ പത്തൊൻപതോളം ഓഫീസുകളിൽ CCTV, Biometric Attendance സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലോട്ടറി ഏജന്റുമാർക്ക് ടിക്കറ്റ് വാങ്ങുന്നതിന് ഓൺലൈൻ സംവിധാനമേർപ്പെടുത്തുമെന്നും ഭാഗ്യക്കുറിയുടെ സമ്മാനഘടനയിൽ മാറ്റം

വരുത്തിയിട്ടുണ്ടെന്നും ലോട്ടറി മാഫിയകളെ നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ലോട്ടറി നികുതി വർദ്ധിപ്പിച്ചതിനെതിരെ ജി.എസ്.ടി. കൗൺസിലിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32 (*304) <u>കേരള ബാങ്ക് വായ്പകൾക്ക് കൂട്ടുപലിശ</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കേരള ബാങ്കിന്റെ നിക്ഷേപങ്ങളുടെ കോസ്റ്റ് ഓഫ് ഫണ്ട് കൂടുതലായതിനാലാണ് വാണിജ്യ ബാങ്കുകളെക്കാൾ പലിശ നിരക്ക് ഉയരുന്നതെന്നും റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമാണ് കൂട്ടുപലിശ ഈടാക്കുന്നതെന്നും സഭയെ അറിയിച്ചു. മൊറട്ടോറിയം കാലയളവിലെ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിക്കൊടുക്കുകയും പലിശനിരക്കിൽ മാറ്റം വരുത്തുന്നതുസംബന്ധിച്ച് ഭരണസമിതികൾക്ക് തീരുമാനമെടുക്കാമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ സുരക്ഷിതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഹകരണം സ്റ്റേറ്റ് സബ്ജക്ടാണെന്ന സുപ്രീം കോടതി വിധി സ്വാഗതാർഹമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

33(*305) സമ്പദ് വ്യവസ്ഥയിൽ കോവിഡ് ഏൽപ്പിച്ച ആഘാതം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, കോവിഡ്-19 മഹാമാരിയും ലോക്ഡൗണും സമ്പദ്ഘടനയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും സംസ്ഥാന ആസൂത്രണ ബോർഡിന്റെ വിലയിരുത്തലനുസരിച്ച് ഏകദേശം 80,000 കോടി രൂപയുടെ പ്രതീക്ഷിത നഷ്ടവും റവന്യൂ വരുമാനത്തിൽ 33,456 കോടി രൂപയുടെയും ആഭ്യന്തര ഉത്പാദനത്തിൽ (GSDP) 3.82 ശതമാനത്തിന്റെയും കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു. കോവിഡ് പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളെയും വണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തി വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തീരദേശ മേഖലയിൽ 11,000 കോടി രൂപയുടെ വികസന പദ്ധതികളും റബ്ബർ മേഖലയിൽ 500 കോടി രൂപയുടെ സബ്സിഡിയും പ്രഖ്യാപിച്ചിട്ടുണ്ട്. 20 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം

രൂപീകരിക്കാനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. ജൂലൈ 30-ന് പ്രഖ്യാപിച്ച അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം സർക്കാർ കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന കാലത്തേക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും ഒഴിവാക്കുമെന്നും 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം പലിശ സർക്കാർ വഹിക്കുമെന്നും കെ.എഫ്.സി.യിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും ചിട്ടികളുടെ പിഴപ്പലിശ ഒഴിവാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യം പരിഗണിച്ച് പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്നും ജി.എസ്.ടി. കോമ്പൻസേഷൻ കാലാവധി അഞ്ചുവർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.